

# വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

## *Laity Reflect on* Syro-Malabar Sunday Mass SCRIPTURE READINGS

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

ദനഹാ മൂന്നാം ഞായർ

2023 ജനുവരി 22




# ഇടയനാകാനായി കുഞ്ഞാടായവൻ

സംഖ്യ 11:11-20, ഏശയ്യ 45:18-46:4, ഹെബ്രാ 4:1-10 (3:14-4:10), യോഹ 1:29-34 (1:29-42)

## രക്ഷയുടെ ഗണിതം

അൽപം ഇരുണ്ട ഒരു ഫലിതമുണ്ട് : ആടുകൾ ജീവിതകാലം മുഴുവൻ ചെന്നായെ ഭയന്ന് കഴിയുന്നു. പക്ഷേ അവസാനം അവയെ കൊന്ന് ഭക്ഷിക്കുന്നത് ഇടയനാണ്!

ഗ്രാമീണ ജീവിതവും കാർഷിക വൃത്തിയും ഒന്നും പരിചയമില്ലാത്ത ആരോ ആയിരിക്കാം ഈ തമാശ പറഞ്ഞത്. ഉപജീവനത്തിന് അജപാലനം നടത്തുന്നവർ പാലിനും രോമത്തിനും മാംസത്തിനും വേണ്ടി തന്നെയാണ് അത് ചെയ്യുന്നത്. കൃഷിഭവനിലോ ബാങ്കിലോ ഒക്കെ ഒരു ഫാമിന്റെ പദ്ധതിയുമായി ചെന്നാൽ അതിന്റെ 'എക്കോണമിക് വയബിലിറ്റി' ആണ് അവിടെ ആദ്യം പരിശോധിക്കുക. നഷ്ടപ്പെട്ട ഒരാടിനെ തേടാൻ തൊണ്ണൂറ്റൊൻപത് ആടുകളെ വിജനസ്ഥലത്ത് നിറുത്തുന്നവനും, ആടുകൾക്കുവേണ്ടി സ്വന്തം ജീവൻ അർപിക്കുന്നവനും മനുഷ്യരുടെ കണക്കിൽ തനി പോഴനായിരിക്കും.

രക്ഷയുടെ ഗണിതം (Salvific Economy) പക്ഷേ മറ്റൊന്നാണ്. എന്തെന്നാൽ, ദൈവത്തിന്റെ ഭോഷത്തം മനുഷ്യരെക്കാൾ ജ്ഞാനമുള്ളതും ദൈവത്തിന്റെ ബലഹീനത മനുഷ്യരെക്കാൾ ശക്തവുമാണ്.



ആൽഫസ് പത്രോസ്

...... ശക്തമായവയെ ലജ്ജിപ്പിക്കാൻ ലോകദൃഷ്ടിയിൽ അശക്തമായവയെയും. നിലവിലുള്ളവയെ നശിപ്പിക്കുവാൻവേണ്ടി ലോകദൃഷ്ട്യാ നിസ്സാരങ്ങളായവയെയും അവഗണിക്കപ്പെട്ടവയെയും ഇല്ലായ്മയെത്തന്നെയും ദൈവം തെരഞ്ഞെടുത്തു. (1 കോറിന്തോസ് 1:25-28)

ഇല്ലായ്മയെ തെരഞ്ഞെടുത്ത ദൈവത്തിന്റെ പദ്ധതി സുവിശേഷകനായ യോഹന്നാൻ മൂന്ന് മാനങ്ങളിലൂടെയാണ് വെളിപ്പെടുത്തുന്നത്. ആദ്യം ലോകത്തിന്റെ പാപം വഹിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്, പിന്നീട് അജഗണത്തിനു വേണ്ടി സ്വജീവൻ അർപ്പിക്കുന്ന നല്ല ഇടയൻ, ഒടുവിൽ സമയത്തിന്റെ തികവിൽ സകലത്തിന്റെയും നാഥനായി പ്രത്യക്ഷപ്പെടുന്ന കൊല്ലപ്പെട്ട കുഞ്ഞാട്. നമ്മുടെയിടയിൽ നമ്മിലൊരുവനായി കഴിഞ്ഞ് നമുക്കുവേണ്ടി മുറിവേൽക്കപ്പെട്ടവനും രക്തം ചിന്തിയവനുമായ കുഞ്ഞാട് തന്നെയാണ് നമ്മുടെ ഇടയൻ എന്ന തിരിച്ചറിവാണ് ദനഹായുടെ യഥാർത്ഥമായ അനുഭവം. ഇടയശുശ്രൂഷയിൽ പങ്കുചേരുന്ന ഏതൊരാളും ആ വെളിപാടിന്റെ പ്രകാശത്തിലാണ് സഞ്ചരിക്കേണ്ടതും.

## പരാതികളും പരിഭവങ്ങളുമില്ലാത്ത സഹജീവനം

എത്രമേൽ അർപ്പണ ബോധത്തോടെ ചെയ്യുന്ന ശുശ്രൂഷയെപ്പറ്റിയും മനുഷ്യർ ഹൃദയത്തിൽ ഒരു കണക്കു സൂക്ഷിക്കും. പത്തു മാസം ചുമന്നതിന്റെ കഥയും പരാതിയും എല്ലാം ഇടക്കിടെ അമ്മമാർ പോലും ഉരുക്കഴിക്കുമ്പോൾ, മറ്റുള്ളവരുടെ കാര്യം പറയേണ്ടതില്ലല്ലോ. ഇസ്രായേലിന്റെ ഏറ്റവും ശ്രേഷ്ഠ ഇടയനായ മോശയുടെ പരിദേവനങ്ങളുടെ ഭാണ്ഡക്കെട്ടഴിച്ചു കൊണ്ടാണ് ഇന്നത്തെ വചനശുശ്രൂഷ ആരംഭിക്കുക:

മോശ കർത്താവിനോടു പറഞ്ഞു: അങ്ങയുടെ ദാസനോട് ഇത്ര കഠിനമായി വർത്തിക്കുന്നതെന്തുകൊണ്ട്? അങ്ങ് എന്നോടു കൃപ കാട്ടാത്തതെന്തുകൊണ്ട്? ഈ ജനത്തിന്റെ ഭാരമെല്ലാം എന്തേ എന്റെ മേൽ ചുമത്തിയിരിക്കുന്നു?

ഞാനാണോ ഈ ജനത്തെ ഗർഭം ധരിച്ചത്? അവരുടെ പിതാക്കൻമാർക്ക് അവിടുന്നു വാഗ്ദാനം ചെയ്ത ദേശത്തേക്കു മുലകുടിക്കുന്ന കുഞ്ഞിനെ ധാത്രിയെന്നപോലെ, മാറിൽ വഹിച്ചുകൊണ്ടു പോകുക എന്ന് എന്നോടു പറയുവാൻ ഞാനാണോ അവരെ പ്രസവിച്ചത്?

ഈ ജനത്തിനെല്ലാം നൽകാൻ എവിടെ നിന്നു മാംസം കിട്ടും? ഞങ്ങൾക്കു ഭക്ഷിക്കാൻ മാംസം തരിക എന്നു പറഞ്ഞ് അവർ കരയുന്നു.

ഈ ജനത്തെ മുഴുവൻ താങ്ങാൻ ഞാൻ ശക്തനല്ല; അത് എന്റെ കഴിവിനതീതമാണ്. ഇപ്രകാരമാണ് അവിടുന്ന് എന്നോടു വർത്തിക്കുന്നതെങ്കിൽ, കൃപ തോന്നി എന്നെ ഉടനെ കൊന്നുകളയണം. ഈ കഷ്ടത ഞാൻ കാണാതിരിക്കട്ടെ. (സംഖ്യ 11 : 11-15)

സഹശുശ്രൂഷികളെ ദൈവ ചൈതന്യത്താൽ അഭിഷേകം ചെയ്തു കൊണ്ടാണ് മോശക്ക് കർത്താവ് ആശ്വാസം പകരുന്നത്. ശുശ്രൂഷകളിലേക്ക് കടന്നുവരുന്ന മനുഷ്യന് ഉള്ള ഫലേച്ഛ കർത്താവിന് നന്നായറിയാം. രാജാവിനെ ആവശ്യപ്പെടുന്ന ജനത്തോട് അവിടുന്ന് കൃത്യമായി മുന്നറിയിപ്പു നൽകുന്നുണ്ട്: നിങ്ങളെ ഭരിക്കാനിരിക്കുന്ന രാജാവ് നിങ്ങളോട് ഇങ്ങനെ ചെയ്യും: തന്റെ രഥത്തിന്റെ മുമ്പിൽ ഓടാൻ തേരാളികളും അശ്വഭടൻമാരുമായി അവൻ നിങ്ങളുടെ പുത്രൻമാരെ നിയോഗിക്കും.....

നിങ്ങളുടെ വയലുകളിലും മുന്തിരിത്തോട്ടങ്ങളിലും ഒലിവുതോട്ടങ്ങളിലും വച്ച് ഏറ്റവും നല്ലത് അവൻ തന്റെ സേവകർക്കു നൽകും. നിങ്ങളുടെ ധാന്യങ്ങളുടെയും മുന്തിരിയുടെയും ദശാംശമെടുത്ത് അവൻ തന്റെ കിങ്കരൻമാർക്കും ഭൃത്യൻമാർക്കും നൽകും.

നിങ്ങളുടെ ദാസൻമാരെയും ദാസികളെയും ഏറ്റവും നല്ല കന്നുകാലികളെയും കഴുതകളെയും അവൻ തന്റെ ജോലിക്കു നിയോഗിക്കും. അവൻ നിങ്ങളുടെ ആട്ടിൻപറ്റത്തിന്റെ ദശാംശം എടുക്കും. നിങ്ങൾ അവന്റെ അടിമകളായിരിക്കും. (1 സാമുവൽ 8:11-17)

മനുഷ്യ സഹജമായ സ്വാർത്ഥതകൾക്കും, അസംതൃപ്തികൾക്കും അതീതനായ ഒരിടയനെ വാഗ്ദാനം ചെയ്യുന്ന കർത്താവിനെ നാം എസക്കിയേൽ പ്രവചനത്തിൽ കണ്ടുമുട്ടുന്നു.

ദൈവമായ കർത്താവ് അരുളിച്ചെയ്യുന്നു. ഞാൻ തന്നെ എന്റെ ആടുകളെ മേയ്ക്കും. ഞാൻ അവയ്ക്കു വിശ്രമസ്ഥലം നൽകും. നഷ്ടപ്പെട്ടതിനെ ഞാൻ അന്വേഷിക്കും. വഴി തെറ്റിപ്പോയതിനെ ഞാൻ തിരിയെക്കൊണ്ടുവരും; മുറിവേറ്റതിനെ ഞാൻ വച്ചുകെട്ടും. ബലഹീനമായതിനെ ഞാൻ ശക്തിപ്പെടുത്തും; കൊഴുത്തതിനെയും ശക്തിയുള്ളതിനെയും ഞാൻ സംരക്ഷിക്കും. നീതിപൂർവം ഞാൻ അവയെ പോറ്റും. (എസെക്കിയേൽ 34 : 15-16)

വടിയെടുത്ത് കുഞ്ഞാടുകളെ അടിച്ചുതെളിക്കുന്ന ഒരിടയനല്ല അവൻ. ചതഞ്ഞ ഞാങ്ങണ ഒടിക്കാതെ, മങ്ങിയ തിരി കെടുത്താതെ വിശ്വസ്തതയോടെ അവൻ നീതിയുടെ ശുശ്രൂഷ കരുണയിൽ നിർവഹിക്കുന്നു. ആ ശുശ്രൂഷയുടെ പൂർത്തീകരണം ജനത്തിന്റെ പാപങ്ങൾ നിശ്ശബ്ദം വഹിച്ചുകൊണ്ടുള്ള സമ്പൂർണ്ണ സമർപ്പണത്തിലാണ്:

നമ്മുടെ അതിക്രമങ്ങൾക്കുവേണ്ടി അവൻ മുറിവേൽപ്പിക്കപ്പെട്ടു. നമ്മുടെ അകൃത്യങ്ങൾക്കുവേണ്ടി ക്ഷതമേൽപ്പിക്കപ്പെട്ടു. അവന്റെ മേലുള്ള ശിക്ഷ നമുക്കു രക്ഷ നൽകി; അവന്റെ ക്ഷതങ്ങളാൽ നാം സൗഖ്യം പ്രാപിച്ചു.

ആടുകളെപ്പോലെ നാം വഴി തെറ്റിപ്പോയി. നാമോരോരുത്തരും സ്വന്തം വഴിക്കുപോയി. നമ്മുടെ അകൃത്യങ്ങൾ കർത്താവ് അവന്റെ മേൽ ചുമത്തി. അവൻ മർദിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്തു. എങ്കിലും അവൻ ഉരിയാടിയില്ല; കൊല്ലാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെയും രോമം കത്രിക്കുന്നവരുടെ മുൻപിൽ നിൽക്കുന്ന ചെമ്മരിയാടിനെപ്പോലെയും അവൻ മൗനം പാലിച്ചു. (ഏശയ്യാ 53 : 5-7)

ആടുകളുടെ ചൂരുള്ള ഇടയൻ എന്ന ചിന്ത പൂർണമായും അന്വർത്ഥമാകുന്നത്, ആടുകൾക്കിടയിൽ കുഞ്ഞാടായി മാറുന്ന മിശിഹായിലാണ്. അജപാലനത്തിന്റെ ഉപജീവനതലം പൂർണമായി വിട്ടൊഴിഞ്ഞുള്ള, സ്വയം ശൂന്യവൽകരണത്തിന്റെ, സഹജീവനത്തിന്റെ വഴിയേ നടന്ന മിശിഹാ നമ്മേ രക്ഷയുടെ ആലയിൽ ഒരുമിച്ച് കൂട്ടുന്നു.

മരണത്തെ ആശ്ലേഷിക്കാനായി ദൂതൻമാരെക്കാൾ അൽപം താഴ്ത്തപ്പെട്ടവനായ യേശു മരണത്തിന് അധീനനാവുകയും മഹത്വത്തിന്റെയും ബഹുമാനത്തിന്റെയും കിരീടം അണിഞ്ഞവനായി കാണപ്പെടുകയും ചെയ്തു.

വിശുദ്ധീകരിക്കുന്നവനും വിശുദ്ധീകരിക്കപ്പെടുന്നവരും ഉദ്ഭവിക്കുന്നത്

ഒരുവനിൽ നിന്നുതന്നെ. അതിനാൽ അവരെ സഹോദരർ എന്നു വിളിക്കാൻ അവൻ ലജ്ജിച്ചില്ല.

അവൻ പറയുന്നു: അങ്ങേനാമം എന്റെ സഹോദരരെ ഞാൻ അറിയിക്കും. സഭാമധ്യേ അങ്ങേക്കു ഞാൻ സ്തുതിഗീതം ആലപിക്കും. ജനങ്ങളുടെ പാപങ്ങൾക്കു പരിഹാരംചെയ്യുന്നതിനുവേണ്ടി ദൈവികകാര്യങ്ങളിൽ വിശ്വസ്തനും കരുണയുള്ളവനുമായ പ്രധാനപുരോഹിതനാകാൻ അവൻ എല്ലാ കാര്യങ്ങളിലും തന്റെ സഹോദരരോടു സദൃശനാകേണ്ടിയിരുന്നു. അവൻ പീഡ സഹിക്കുകയും പരീക്ഷിക്കപ്പെടുകയും ചെയ്തതുകൊണ്ട് പരീക്ഷിക്കപ്പെടുന്നവരെ സഹായിക്കാൻ അവനു സാധിക്കുമല്ലോ. (ഹെബ്രായർ 2 : 9-18)

മനുഷ്യനോടുള്ള രക്ഷകന്റെ ഈ സമ്പൂർണ താദാത്മ്യത്തെ മനോഹരമായി ചിത്രീകരിച്ചിട്ടുള്ള ഒരു കലാസൃഷ്ടിയാണ് ദൈവകരുണയുടെ ജൂബിലിയുടെ ലോഗോ . പാപാന്ധകാരത്തിന്റെ ഗുഹയിൽ നിന്നും മനുഷ്യനെ തോളിലേറ്റി കുരിശിന്റെ നിഴൽ വീണ പ്രകാശത്തിന്റെ പാതയിലൂടെ മുന്നോട്ടു നീങ്ങുന്ന ഈശോക്ക് മനുഷ്യന്റെ അതേ ഛായ തന്നെയാണ്. അവന്റെയും നമ്മുടെയും കണ്ണുകൾ ഒന്നായി മാറുന്നു. നമ്മുടെ വീക്ഷണത്തിലൂടെ ഈശോ നോക്കുമ്പോൾ നമ്മുടെ ബലഹീനതകളും പ്രലോഭനങ്ങളും അവൻ മനസിലാക്കുന്നു. ഈശോയുടെ നേത്രങ്ങളിലൂടെ നാം കാണുമ്പോൾ ദൈവത്തിന്റെ കരുണയും സ്നേഹവും നാം തിരിച്ചറിയുന്നു. ആണിപ്പാടുകളാൽ മുദ്രിതനായ മിശിഹാ പൂർണമായി നമ്മോട് ഐക്യപ്പെടുന്നു.

## പരിവർത്തനത്തിന്റെ ദനഹാ

ദനഹാ അഥവാ എപിഫാനി ഉന്നതത്തിൽ നിന്നുള്ള പ്രത്യക്ഷീകരണമാണ് - മാംസ രക്തങ്ങൾക്ക് അഗ്രാഹ്യമായ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം. ശക്തിയിലും, അധികാരത്തിലും, പ്രതാപത്തിലും, സമ്പത്തിലും മഹത്വം ദർശിക്കുന്ന മനുഷ്യന്റെ മുൻപിൽ ലാളിത്യവും നൈർമല്യവും ത്യാഗവുമായി ദൈവം പ്രത്യക്ഷനാകുന്നു. രാജകൊട്ടാരത്തിൽ രക്ഷകനെ തേടുന്നവരെ പുൽക്കൂട്ടിലെ



പൈതലിന്റെ പക്കലേക്ക് നയിക്കുന്ന നക്ഷത്രദീപ്തിയാണത്. തുറന്ന ഹൃദയത്തോടെ മിശിഹായെ അവിടെ കണ്ടുമുട്ടുന്നവരെ അവൻ തന്റെ സാദൃശ്യത്തിലേക്ക് രൂപാന്തരപ്പെടുത്തുന്നു.

ഈശോയുടെ പരസ്യശുശ്രൂഷയിൽ ഈ രൂപാന്തരത്തിനു ആദ്യം വിധേയനാകുന്നത് സ്നാപക യോഹന്നാൻ തന്നെയാണ്. ഫലം തരാത്ത വൃക്ഷങ്ങളുടെ വേരറുക്കാനുള്ള കോടാലി ഒരു കൈയിലും, കതിരും പതിരും പേറ്റിത്തിരിക്കാനുള്ള വീശുമുറം മറു കൈയിലും പേറി വരുന്ന ന്യായാധിപനായ വിധി കർത്താവിനെയാണ് സ്നാപകൻ പ്രഘോഷിച്ചത്. തന്റെ പ്രസംഗം കേൾക്കാൻ വന്നവരോട് അവൻ കാർക്കശ്യ സ്വരത്തിൽ ചോദിക്കുന്നു :

'അണലിസന്തതികളേ, ആസന്നമായ ക്രോധത്തിൽ നിന്ന് ഓടിയകലാൻ നിങ്ങൾക്കു മുന്നറിയിപ്പു നൽകിയതാരാണ്?'

സൈന്യങ്ങളുടെ കർത്താവായ ദൈവത്തെപ്പറ്റിയുള്ള തീക്ഷ്ണതയാൽ എരിയുന്ന ആ പുതിയ നിയമ ഏലിയായുടെ മുൻപിൽ പക്ഷേ കർത്താവു പ്രത്യക്ഷനാകുന്നത് ഉളി പിടിച്ച തഴമ്പുള്ള ഒരു ദരിദ്രയുവാവായാണ്. അമ്പരന്നു നിന്ന അയാളുടെ മുൻപിൽ തലകുനിച്ച് അനുതാപത്തിന്റെ സ്നാനം അവൻ അഭ്യർത്ഥിക്കുമ്പോൾ അമ്പരപ്പ് അവിശ്വസനീയത ആകുന്നു. പാപിയായ മനുഷ്യനോടുള്ള സമ്പൂർണമായ ആ താദാത്മ്യത്തിലൂടെ അവൻ സർവ നീതിയും പൂർത്തിയാക്കി തന്റെ ബലിയിലേക്കുള്ള യാത്ര തുടങ്ങുമ്പോൾ സ്നാപകൻ പരിവർത്തിതനാവുകയാണ്. ഏശയ്യാ പ്രവചിച്ച നിശബ്ദനായ കുഞ്ഞാടിന്റെ ദർശനം ആ നിമിഷത്തിൽ അയാളുടെ ഉള്ളിൽ തെളിയുന്നു.

താൻ പ്രഘോഷിച്ച ന്യായാധിപനെ അല്ല സ്നാപകൻ പിന്നെ ലോകത്തിന് ചൂണ്ടിക്കാട്ടുന്നത്; മറിച്ച് സഹനത്തിനായി ദാസന്റെ രൂപം ധരിച്ചവനെയാണ് : 'ഇതാ ദൈവത്തിന്റെ കുഞ്ഞാട്!, ഇതാ ലോകത്തിന്റെ പാപം പേറുന്നവൻ!'

അവൻ വളരുവാനായി ഞാൻ ചെറുതാകണം എന്ന സ്വയം ശൂന്യവൽക്കരണത്തിന്റെ മനോഭാവത്തിലേക്കാണ് ദനഹാ അനുഭവം അയാളെ നയിക്കുന്നത്. മരണത്തിലും സത്യത്തിനും നീതിക്കും സാക്ഷിയായിക്കൊണ്ട് തന്റെ ജീവിതയാത്ര പൂർത്തീകരിക്കുന്നതിന് ആ അനുഭവം അയാൾക്ക് കരുത്തായി മാറുകയാണ്.

## ബലിയേകുവാനും ബലിയാകുവാനും

തിരുപ്പട്ട വേദികളിൽ പലപ്പോഴും മുഴങ്ങികേൾക്കുന്ന ചിന്തോദ്ദീപകമായ രണ്ട് ഉദ്ധരണികളാണ്: 'മുറിക്കപ്പെടാനും, ചിന്തപ്പെടാനും'; 'ബലിയേകുവാനും, ബലിയാകുവാനും'. ശുശ്രൂഷാ പൗരോഹിത്യത്തിന്റെ തലത്തിൽ മാത്രം ചുരുക്കേണ്ടവയല്ല ആ ചിന്തകൾ. ഏതെങ്കിലും തലത്തിൽ നാമെല്ലാവരും ഇടയശുശ്രൂഷക്കായി വിളിക്കപ്പെട്ടവർ തന്നെയാണ്. അത് മിശിഹായോടു ചേർന്ന്, എളിമയോടും ഹൃദയശാന്തതയോടും കൂടെ തങ്ങൾക്കു ഭരമേൽപിക്കപ്പെട്ടവരെ സംവഹിക്കുന്ന ഒന്നായി മാറുമ്പോൾ രക്ഷാകരമായി തീരും. മേലധികാരിയിൽ (ടൗല്യശീ്യ) നിന്നും, ഏറ്റവും ചെറിയ (ങശിശലേ്യ) സേവകനിലേക്ക് വളരാനുള്ള കൃപ, ലോകത്തിന്റെ പാപം പേറുന്ന ദിവ്യകുഞ്ഞാടിന്റെ രൂപാന്തരപ്പെടുത്തുന്ന ദനഹാ ആയി പരിശുദ്ധ റൂഹാ ഈ നാളുകളിൽ നമ്മിൽ ചൊരിയട്ടെ!

▲ Editors : Rev. Dr. GEORGE NELLISSERY email: nelliseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com